**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള എല്ലാ സേവനങ്ങളും സുതാര്യവും അതിവേഗത്തിലും ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്‌മാർട്ട് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ-സ്മാർട്ട് നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിങ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്, ഡിജിറ്റൽ ഫയൽ മാനേജ്മെൻറ്, ഫിനാൻസ്, മൊബൈൽ ആപ്പ് എന്നീ മൊഡ്യൂളുകൾ വഴി 72 ഓളം സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | മറ്റ് സംസ്ഥാനങ്ങൾ ഈ പദ്ധതിയുടെ മാതൃകയിൽ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കർണാടക സംസ്ഥാനം ഇതിനായി സമീപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷൻ കർണ്ണാടകയുമായി MoU ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതർ മുതൽ വകുപ്പ് മന്ത്രിക്ക് വരെ ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിനും ആയതിന്മേൽ സ്വീകരിച്ച നടപടി യഥാസമയം പരാതിക്കാരനെ അറിയിക്കുന്നതിനുമുള്ള സംവിധാനം ഈ പദ്ധതിയിൽ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പരാതി പരിഹാര മൊഡ്യൂൾ വഴി നഗരഭരണ സ്ഥാപനങ്ങളിലേക്കുള്ള പരാതികളാണ് സ്വീകരിക്കുന്നത്. അടുത്ത ഘട്ടത്തിൽ അദാലത്ത്, അപ്പീൽ എന്നിവ ഏർപ്പെടുത്തുന്നതാണ്. ഇതോടെ വകുപ്പ് മന്ത്രിക്ക് വരെ ഓൺലൈനായി പരാതികൾ സമർപ്പിക്കാൻ സാധിക്കുന്നതാണ്. സിറ്റിസൺ ഓൺലൈനിൽ സമർപ്പിച്ച അപേക്ഷയുടെ തൽസ്ഥിതി ഡാഷ് ബോർഡിൽ ലഭ്യമാണ്. |
| (ഡി) | വിപുലമായ ഓൺലൈൻ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കെ-സ്മാർട്ട് മൊബൈൽ ആപ് പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ കെ-സ്മാർട്ട് മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമാണ്. കെ-സ്മാർട്ട് മൊബൈൽ ആപ്പ് മുഖേന ആദ്യഘട്ടത്തിൽ നൽകുന്ന സേവനങ്ങൾ:<br><br>1. ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം |

| | | | |
|---|---|---|---|
| | | | 2. ഉപയോക്താവിന് സ്വന്തമായി യൂസർ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം.<br><br>3. സിവിൽ രജിസ്ട്രേഷനുകളിൽ മികച്ചതും വിപുലവുമായ രീതിയിൽ തിരച്ചിൽ നടത്തുന്നതിനുള്ള സംവിധാനം<br><br>4. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം<br><br>5. സിവിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വേഗതയേറിയ പേയ്മെന്റ് സംവിധാനം<br><br>കെ-സ്മാർട്ട് ജി.ഐ.എസ് ആപ്പിലെ Know Your Land എന്ന സവിശേഷത ഉപയോഗിച്ച് ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്നും, പ്രസ്തുത സ്ഥലം എയർപോർട്ട് സോൺ , റെയിൽവേ സോൺ, കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) എന്നിവയിൽ ഉൾപ്പെട്ടതാണോ എന്ന വിവരവും അറിയാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ